**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3111** **18-03-2022 - ൽ മറുപടിയ്ക്ക്**

**കോഴിക്കോട് സ്ഥാപിക്കുന്ന ഇൻഡോ-ഷാർജ കൾച്ചറൽ പ്രോജക്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം | | null<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | കോഴിക്കോട് സ്ഥാപിക്കുന്ന ഇൻഡോ-ഷാർജ കൾച്ചറൽ പ്രോജക്ടിൽ എന്തെല്ലാമാണ് വിഭാവനം ചെയ്തിട്ടുള്ളതെന്ന് വിശദമാക്കാമോ; | (എ) | ഇൻഡോ-ഷാർജ കൾച്ചറൽ സെൻറർ, വൈക്കം മുഹമ്മദ് ബഷീർ സാംസ്കാരിക സമുച്ചയം, അന്താരാഷ്ട്ര നിലവാരമുള്ള ഒരു കൺവെൻഷൻ സെൻറർ & എക്സിബിഷൻ സെൻറർ എന്നിവയാണ് ഈ പ്രോജക്ടിൽ വിഭാവനം ചെയ്തിട്ടുള്ളത്. |
| (ബി) | പ്രസ്തുത പ്രോജക്ടിനു വേണ്ടി സ്ഥലത്തിന് വില നൽകി ഭൂമി ഏറ്റെടുത്തിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിനുള്ള കാരണം വ്യക്തമാക്കാമോ; | (ബി) | ഭൂമി ഏറ്റെടുത്തിട്ടില്ല. കോഴിക്കോട് ജില്ലയിൽ കോഴിക്കോട് താലൂക്ക് ഒളപ്പമണ്ണ വില്ലേജിൽ 30.40 ഏക്കർ സ്വകാര്യ ഭൂമി നെഗോഷ്യബിൾ / ഡയറക്ട് പർച്ചേസ് മുഖേന ഏറ്റെടുക്കുന്നതിനായി കിഫ്ബി 35 കോടി രൂപ അനുവദിച്ചിരുന്നു. എന്നാൽ അനുവദനീയമായ തുകയ്ക്ക് ഭൂമി വിട്ടുനൽകാൻ ഭൂഉടമകൾ തയ്യാറാകാത്തതിനാലാണ് സ്ഥലം ഏറ്റെടുക്കുന്നതിൽ കാലതാമസം നേരിടുന്നത്. |
| (സി) | എത്ര തുകയാണ് സ്ഥലം ഏറ്റെടുക്കാൻ കിഫ്ബിയിൽ നിന്നും അനുവദിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ; | (സി) | 35 കോടി രൂപയാണ് ഭൂമി ഏറ്റെടുക്കുന്നതിന് കിഫ്ബി അനുവദിച്ചിട്ടുള്ളത്. |
| (ഡി) | ബാക്കി തുക ലഭിക്കാൻ എന്ത് നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ; | (ഡി) | ഭൂമി ഏറ്റെടുപ്പുമായി ബന്ധപ്പെട്ട് കിഫ്ബി ധനാനുമതി നൽകിയ തുകയ്ക്ക് പുറമെ അധിക തുക ആവശ്യമെങ്കിൽ അത് അനുവദിക്കുന്നതിനായി ഭരണ വകുപ്പിൽ നിന്ന് പുതുക്കിയ ഭരണാനുമതി ലഭ്യമാക്കി ജില്ലാ കളക്ടറേറ്റിൽ നിന്നുള്ള വിശദമായ റിപ്പോർട്ടും റവന്യ വകുപ്പിൽ നിന്നുള്ള ഉത്തരവ് സഹിതം കിഫ്ബിയുടെ PFMS പോർട്ടൽ വഴി പുതുക്കിയ ധനാനുമതിക്കുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കണമെന്ന് കിഫ്ബി ആവശ്യപ്പെട്ടിരുന്നു. ഇൻഡോ-ഷാർജ കൾച്ചറൽ സെന്റർ പ്രോജക്ടിന്റെ ഡി.പി.ആർ തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട നടപടികൾ സർക്കാർ പരിശോധിച്ചു വരുന്നു. |
| (ഇ) | നോട്ടിഫിക്കേഷൻ തീയതി മുതൽ സ്ഥലമുടമയ്ക്ക് പന്ത്രണ്ട് ശതമാനം പലിശക്ക് അർഹതയുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ? | (ഇ) | RFCT LARR ആക്ട് 4(1) പ്രകാരം ഭൂമി ഏറ്റെടുക്കുന്നതിന് 41,38,47,224/- രൂപ ചെലവ് വരുമെന്നും വിജ്ഞാപനം പ്രസിദ്ധപ്പെടുത്തിയ |

| | | | |
|---|---|---|---|
| | | | 24/02/2020 മുതൽ അവാർഡ് പാസ്സാകുന്നതുവരെ കമ്പോള വിലയുടെ 12% പലിശ ഉൾപ്പെടെ 44,68,05,164/- രൂപ മൊത്തം തുക ആവശ്യമാണെന്നും കോഴിക്കോട് ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ